Malappuram District Police

## 06/01/2018 മഞ്ചേരി

ജില്ലയിലെ നിരവധി മോഷണക്കേസുകളിലെ പ്രതിയായ യുവാവിനെ മഞ്ചേരി പോലീസ് അറസ്റ്റുചെയ്തു. എടവണ്ണ പത്തപ്പിരിയം പൂവിൽ റംസാൻഅലി (38)യെയാണ് സി.ഐ. എൻ.ബി. ഷൈജുവിന്റെ നേതൃത്വത്തിൽ പിടികൂടിയത്. രാത്രിയിൽ പയ്യനാട്ട് സംശയാസ്പദമായി കണ്ടതിനെത്തുടർന്ന് ചോദ്യംചെയ്തപ്പോള് മോഷണത്തിനുള്ള തയ്യാറെടുപ്പിലാണ് ഇയാളെന്ന് കണ്ടെത്തുകയായിരുന്നു. എടവണ്ണയിലെ മര ഉത്പന്നക്കടയിൽനിന്ന് 30,000 രൂപയുടെ സാധനങ്ങൾ ഒരു മാസം മുമ്പ് മോഷണം പോയ കേസിനും തുമ്പായി. തൊണ്ടിമുതലുകൾ പോലീസ് കണ്ടെടുത്തു. കഞ്ചാവുകേസിൽ ജയിലിൽനിന്നിറങ്ങിയ ശേഷമാണ് എടവണ്ണയിൽ മോഷണം നടത്തിയത്. എടവണ്ണ, വണ്ടൂർ, മഞ്ചേരി, പെരിന്തൽമണ്ണ, പാണ്ടിക്കാട്, പാലക്കാട്, ഒറ്റപ്പാലം എന്നിവിടങ്ങളിൽ ഇയാളുടെ പേരിൽ കളവുകേസുകളുണ്ട്. മഞ്ചേരി ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയില് ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.